**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4015 25.06.2018 -ലെ മറുപടിക്ക്**

**വീട്ടുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ. എൻ. ഷംസീർ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വന്തമായി വീടില്ലാത്ത പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീടുകൾ നിർമ്മിച്ചു നൽകുന്ന ഏതെങ്കിലും പദ്ധതി സർക്കാരിന്റെ കീഴിലുണ്ടോ; | (എ) യും (ബി) യും | ഉണ്ട്.<br><br>**പട്ടികജാതി വികസന വകുപ്പ്** - ലൈഫ് മിഷൻ മുഖേന സ്വന്തമായി ഭൂമിയുള്ള എന്നാൽ വാസയോഗ്യമായ വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു. ധനസഹായം 4 ഗഡുക്കളായി (15%, 30%,40%,15% എന്ന നിരക്കിൽ) നിർമ്മാണ പുരോഗതിയ്ക്കനുസരിച്ച് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും മുൻഗണനാ ക്രമത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.<br>സംസ്ഥാനത്ത് വിവിധ വകുപ്പുകൾ നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏകോപിപ്പിച്ച് ലൈഫ് മിഷൻ എന്ന പേരിൽ നൂതന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2018-19 മുതൽ വകുപ്പിന്റെ തനത് പദ്ധതിയിൽ ലൈഫ് മിഷന്റെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും തെരഞ്ഞെടുക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.<br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷന്റെ മാനദണ്ഡങ്ങൾ പ്രകാരമാണ് ഭവനരഹിതരായ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം |
| (ബി) | ഉണ്ടെങ്കിൽ പദ്ധതി ഏതാണെന്നും അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നത്. ഇതിൻപ്രകാരം, പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് പുറത്ത് താമസിക്കുന്ന പട്ടികവർഗ്ഗ ഗുണഭോക്താവിന് 4 ലക്ഷം രൂപയും പട്ടികവർഗ്ഗ സങ്കേതങ്ങളിലുള്ള ഗുണഭോക്താവിന് 6 ലക്ഷം രൂപയും, അതീവ ദുർഘട പ്രദേശങ്ങളിൽ നിർമ്മിക്കുന്ന സങ്കേതങ്ങളിലെ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് (നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശുപാർശ പ്രകാരം) 20% തുക അധികം അനുവദിക്കുന്നുണ്ട്.<br>400 ചതുരശ്രയടി തറ വിസ്തീർണ്ണമുള്ള ഭവനമാണ് ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്നത്. ഭവന നിർമ്മാണ ധനസഹായം 5 ഗഡുക്കളായി (15%, 20%,35%,20%,10%) വിതരണം ചെയ്യുകയും, ഒന്നാംഗഡു വിതരണം ചെയ്ത തീയതി മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതുമാണ്. വനപരിധിയിൽ താമസിക്കുന്ന ഗുണഭോക്താക്കൾ 2006 ലെ വനാവകാശ നിയമപ്രകാരമാണ് ഭവനം നിർമ്മിക്കേണ്ടത്. ഈ വർഷം മുതൽ LIFE പദ്ധതിയിൽ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ